നം.എ1-915/15/പ്ലാൻ(1)

ഗവൺമെന്റ് കോളേജ്
മലപ്പുറം - 676509.
മുണ്ടുപറമ്പ് - പി.ഒ.
ഫോൺ: 0483 2734918

തീയതി : ..6../10/2015

## ദർഘാസ് പരസ്യ നമ്പർ 09/15-16

മലപ്പുറം ഗവൺമെന്റ് കോളേജിലേക്ക് 2015-2016 സാമ്പത്തിക വർഷത്തിലെ പ്ലാൻ സ്കീമിൽ 4,65,969/- (നാല് ലക്ഷത്തി അറുപത്തി അയ്യായിരത്തി തൊള്ളായിരത്തി അറുപത്തി ഒൻപത് രൂപമാത്രം) രൂപയ്ക്ക് **പ്രൊജക്ടർ, സ്പീക്കർ സിസ്റ്റം, ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, മാഗനറ്റിക് റൈറ്റിംഗ് ബോർഡ്, പ്രൊജക്ടർ സ്ക്രീൻ, ബാറ്ററി, പെൻഡ്രൈവ്, യു.പി.എസ്, ഇ-ബുക്ക് റീഡർ, സീലിംഗ് മൗണ്ട് കിറ്റ്** എന്നിവ വിതരണം ചെയ്യുന്നതിന് തയ്യാറുള്ളവരിൽനിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ അടക്കം ചെയ്ത കവറിന് മുകളിൽ **"2015-16 വർഷത്തിൽ പ്ലാൻ സ്കീമിൽ പ്രൊജക്ടർ, സ്പീക്കർ സിസ്റ്റം, ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, മാഗനറ്റിക് റൈറ്റിംഗ് ബോർഡ്, പ്രൊജക്ടർ സ്ക്രീൻ, ബാറ്ററി, പെൻഡ്രൈവ്, യു.പി.എസ്, ഇ-ബുക്ക് റീഡർ, സീലിംഗ് മൗണ്ട് കിറ്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്"** എന്നെഴുതി പ്രിൻസിപ്പാൾ, ഗവൺമെന്റ് കോളേജ്, പി. ഒ. മുണ്ടുപറമ്പ്, മലപ്പുറം ജില്ല, കേരളം, പിൻകോഡ് - 676509 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തിയതി: 17/11/2015 ഉച്ചയ്ക്കുശേഷം 1.00 മണി വരെയാകുന്നു. ദർഘാസുകൾ അന്നേ ദിവസം ഉച്ചയ്ക്കുശേഷം 2.30 മണിക്ക് തുറക്കുന്നതുമാണ്. പൂരിപ്പിച്ച അസ്സൽ ദർഘാസുകൾ മാത്രമേ സ്വീകരിക്കുകയുള്ളു. ദർഘാസ് ഫോറം ലഭിക്കുന്നതിന് താഴെ കാണിച്ച വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ദർഘാസ് ഫോറത്തിന്റെ വിലയായ 945/- രൂപ (തൊള്ളായിരത്തി നാൽപത്തി അഞ്ച് രൂപമാത്രം) (മൂല്യ വർദ്ധിത നികുതി ഉൾപ്പെടെ) അടയ്ക്കേണ്ടതാണ് (ഡ്യൂപ്ലിക്കേറ്റ് ഫോറത്തിന്റെ വില 525/- രൂപ (അഞ്ഞൂറ്റി ഇരുപത്തി അഞ്ച് രൂപമാത്രം). പ്രസ്തുത സംഖ്യ യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല. ദർഘാസ് ഫോറങ്ങൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. ദർഘാസ് ഫോറത്തിന്റെ വിൽപന 17/11/2015 ന് ഉച്ചയ്ക്ക് 12.00 മണിക്ക് അവസാനിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വിലയായി ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ വി.പി.പി ആയും അയയ്ക്കുന്നതല്ല. ദർഘാസ് രജിസ്റ്റേർഡ് തപാലിൽ ലഭിക്കുവാൻ ഒറിജിനൽ ദർഘാസ് ഫോറത്തിന്റെ വിലയും, രജിസ്റ്റേർഡ് തപാൽ ചാർജ്ജും ഉൾപ്പെടെ 977/- രൂപ (തൊള്ളായിരത്തി എഴുപത്തി ഏഴ് രൂപമാത്രം) മണിയോർഡറായി അയയ്ക്കേണ്ടതാണ്. ദർഘാസ് ഫോറത്തിന്റെ കൂടെ 500/- രൂപയുടെ കേരള മുദ്രപത്രത്തിൽ കരാർ എഴുതി സമർപ്പിക്കേണ്ടതാണ്. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങൾ ടെണ്ടർ ഫോറം തപാലിൽ ലഭിക്കാൻ ടെണ്ടർ ഫോറത്തിന്റെ വിലയുടെകൂടെ കേരള മുദ്ര പത്രത്തിന്റെ വിലയായ 500/- രൂപ കൂടി അധികമായി അയച്ചു തരേണ്ടതാണ്. സാധനങ്ങൾ വിതരണ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം കോളേജിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ സ്വന്തം ചെലവിൽ എത്തിക്കേണ്ടതാണ്. ഓരോ സാധനത്തിന്റെയും വില നിരക്കും വിൽപന

നികുതിയും മറ്റ് ഉപാധികളും പ്രത്യേകമായി കാണിക്കേണ്ടതാണ്. വില നിലവാരത്തിന് 31-03-2016 വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ദർഘാസ് ഫോറത്തിന്റെ കൂടെ, 'നിരത ദ്രവ്യമായി', വിതരണം ചെയ്യാനുദ്ദേശിക്കുന്ന സാധനങ്ങളുടെ വിലയുടെ ഒരു ശതമാനം നിരക്കിൽ വരുന്നതുകയ്ക്ക് പ്രിൻസിപ്പാളിന്റെ പേരിൽ എസ്.ബി.ടി. മലപ്പുറം സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ നിന്ന് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ, കമ്പനികൾ ഒഴിവാക്കിയ ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അടക്കം ചെയ്യേണ്ടതാണ്. ഏറ്റവും ചുരുങ്ങിയ നിരതദ്രവ്യതുക 1500/- രൂപയാണ് (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം). മതിയായ നിരതദ്രവ്യം അടക്കം ചെയ്യാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. നിരതദ്രവ്യത്തിന് പലിശ ലഭിക്കുന്നതല്ല. വിശദവിവരങ്ങൾ ഓഫീസ് പ്രവൃത്തിസമയത്ത് നേരിട്ട് അന്വേഷിച്ച് അറിയാവുന്നതാണ്.

യാതൊരു മുന്നറിയിപ്പുംകൂടാതെ ദർഘാസ് മാറ്റുവാനോ റദ്ദാക്കുവാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിട്ടുള്ള ആളിൽ നിക്ഷിപ്തമാണ്.

പ്രിൻസിപ്പാൾ

To

1. നോട്ടീസ് ബോർഡിലേക്ക്
2. വിവിധ കമ്പനികൾക്ക്

പകർപ്പ് -

1. ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ. പ്രസ്സ്, തിരുവനന്തപുരം
   (9 കോപ്പി - ആമുഖ കത്ത് സഹിതം).
2. സെക്രട്ടറി ആന്റ് ഡയറക്ടർ, ഐ ആന്റ് പി ആർഡി
   ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
   (9 കോപ്പി - ആമുഖ കത്ത് സഹിതം).
3. പ്രിൻസിപ്പാളിന്
4. സീനിയർ സൂപ്രണ്ട്
5. എച്ച്. എ.
6. എ3. സെക്ഷൻ
7. കരുതൽ ഫയൽ